**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 233** **5.03.2012 ൽ മറുപടിക്ക്**

**വിഴിഞ്ഞം തുറമുഖത്തിന്റെ സുരക്ഷാ സംവിധാനത്തിനുള്ള നടപടി**

**ചോദ്യം**

ശ്രീ. ആർ.സെൽവരാജ്

**മറുപടി**

ശ്രീ. കെ.ബാബു

(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം തുറമുഖം രാത്രിയിൽ സാമൂഹ്യ വിരുദ്ധരുടെ സങ്കേത മായി മാറുന്നു എന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ ; | എ | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി | ഇവിടെ ആവശ്യത്തിന് സുരക്ഷാ സംവിധാനങ്ങളോ ജീവനക്കാരോ ഇല്ല എന്ന ആക്ഷേപം പരിശോ ധിച്ചിട്ടുണ്ടോ ; | ബി) യും സി) യും ഡി) യും | ISPS Code നടപ്പാക്കുന്നതിന്റെ ഭാഗമായി IRS റിപ്പോർട്ട് പ്രകാരം വിഴിഞ്ഞം തുറമുഖത്ത് രണ്ട് വാർഫിലും ചുറ്റുമതിൽ കെട്ടി ഗേറ്റ് ഇട്ട് സുരക്ഷിതമാക്കിയിട്ടുണ്ട്. High mast light സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. രാത്രികാലങ്ങളിൽ ഡ്യൂട്ടിക്കായി ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. കോസ്റ്റൽ പോലീസിന്റെ സാന്നിദ്ധ്യവും ഉണ്ട്. സുരക്ഷാ ജോലിക്ക് കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനായി ഏറ്റെടുത്തിട്ടുള്ള സ്ഥലങ്ങളിൽ ആവശ്യമായ സുരക്ഷാ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.<br><br>വിഴിഞ്ഞം തുറമുഖത്ത് സുരക്ഷാ വീഴ്ച ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| സി | സുരക്ഷാകാര്യത്തിൽ വീഴ്ചയുണ്ടായാൽ അത് ഇവിടുത്തെ പദ്ധതികളുടെ കടന്നുവരവിനെ ത്തന്നെ ബാധിക്കുമെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടി ട്ടുണ്ടോ ; | | |
| ഡി | ഇവിടുത്തെ സുരക്ഷയ്ക്കായി ഗവൺമെന്റ് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**